(എ) കേരളത്തിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര മത്സ്യ സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യ സഹകരണസംഘങ്ങളുടെ വളർച്ചയ്ക്ക് എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 422 സംഘങ്ങൾ

(ബി) സഹകരണസംഘങ്ങൾക്ക് ഓഹരി മൂലധനം, പ്രവർത്തന മൂലധനം, 25% സബ്സിഡിയോടുകൂടിയ ദീർഘകാല വായ്പകൾ എന്നിവ നൽകി വരുന്നു.

20 (1120) ഓരു ജല മത്സ്യക്കൃഷിയുടെ പുരോഗതി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരു ജലാശയങ്ങളിൽ മത്സ്യക്കൃഷി നടത്തുവാനുള്ള പദ്ധതിയുടെ പുരോഗതി എന്താണെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം മത്സ്യക്കൃഷി നടത്തിയ ഏതൊക്കെ കൃഷിയിടങ്ങളിൽ സമരമുറകളുടെ ഭാഗമായി നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം നാശനഷ്ടങ്ങളുണ്ടായ ഏതൊക്കെ കർഷകർക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയെന്നും, ആർക്കൊക്കെ നഷ്ടപരിഹാരം നൽകിയില്ലായെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരുജല ചെമ്മീൻ കർഷക വികസന ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. സഹായധനത്തോടൊപ്പം ബാങ്ക് വായ്പയും സാങ്കേതിക സഹായവും നൽകി ഓരുജലാശയങ്ങളിൽ ചെമ്മീൻക്കൃഷി നടത്താൻ സ്വകാര്യസംരംഭകരെ പ്രോത്സാഹിപ്പിക്കുകയും അതുവഴി ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് പദ്ധതിയുടെ ഉദ്ദേശങ്ങൾ. കൃഷിക്ക് അനുയോജ്യമായ ജലാശയം സർവ്വേ നടത്തി കൃഷിക്കുപയുക്തമാക്കുക, പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക, കർഷകർക്ക് പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമാണ്. പദ്ധതിവിഹിതമായി ഈ വർഷത്തെ ബഡ്ജറ്റിൽ 90 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) ഓരുജല ചെമ്മീൻക്കൃഷി നടത്തിയ ഏതെങ്കിലും കൃഷിയിടത്തിൽ സമരമുറകളുടെ ഭാഗമായി എന്തെങ്കിലും നഷ്ടം സംഭവിച്ചതായി അറിവില്ല.

(സി) ആർക്കും നഷ്ടപരിഹാരം കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly